കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കവിയൂർ ഗ്രാമ പഞ്ചായത്ത് - റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം. 882/2012/തസ്വഭവ തീയതി, തിരുവനന്തപുരം, 26-3-2012

---

**പരാമർശം :-**

1. കവിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30-11-2011-ലെ I.(1) -ാം നമ്പർ തീരുമാനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 20-12-2011-ലെ സി2-38275/11-ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

കവിയൂർ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തുവക ശ്മശാനത്തിലേയ്ക്കുള്ള കവിയൂർ മുട്ടത്തുപാറ-ഗുരുമന്ദിരം റോഡു വികസിപ്പിക്കുന്നതിനായി തിരുവല്ല താലൂക്കിൽ കവിയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 14-ൽ റീസർവേ 184/3-ൽപ്പെട്ട 21.80 ആർ സ്ഥലത്തുനിന്നും ടി റോഡിനോട് ചേർന്ന് 3 മീറ്റർ വീതിയിൽ 40 മീറ്റർ നീളത്തിൽ ഉദ്ദേശം 3 സെന്റ് (1.21 ആർ) സ്ഥലം അർജൻസി ക്ലോസിൽ ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാർ അനുമതിക്ക് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കവിയൂർ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തുവക ശ്മശാനത്തിലേയ്ക്ക് കവിയൂർ മുട്ടത്തുപാറ-ഗുരുമന്ദിരം റോഡിൽ നിന്നും പ്രവേശിക്കുന്നതിനായുള്ള വഴിയുടെ വീതി കൂട്ടുന്നതിനായി തിരുവല്ല താലൂക്കിൽ കവിയൂർ വില്ലേജിൽ സർവ്വേ നമ്പർ 184/3-ൽപ്പെട്ട 1.14 ആർ പുരയിടം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകളോടെ കവിയൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

1. അക്വിസിഷനാവശ്യമായ തുകയുടെ 80% ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.
2. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാധ്യതകൾ ഉണ്ടായിരിക്കുന്നതല്ല.
3. അക്വിസിഷൻ സംബന്ധമായി. കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ആർ. ശ്രീലേഖ,
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുറ
സെക്രട്ടറി, കവിയൂർ ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
റവന്യൂ വകുപ്പ് (vide letter No. 1395/B3/12/Rev dated 14-3-12)
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.